(2) മാനന്തവാടി ചിറ്റൂർ പറമ്പിൽ റോസമ്മ എന്ന സ്ത്രീയേയും മക്കളേയും കൊലപ്പെടുത്തിയത് സംബന്ധിച്ച്

ശ്രീമതി രാധാരാഘവൻ : സർ, എന്റെ നിയോജകമണ്ഡലത്തിലെ മാനന്തവാടിയിൽ കുഴിനിലം ചിറ്റൂർ പറമ്പിൽ ജോസിന്റെ ഭാര്യ റോസമ്മ, മകൻ ജോബിൻ മകൾ ജ്യോത്സന എന്നിവർ 9-ാം തീയതി രാത്രിയിലോ 10-ാം തീയതി രാവിലെയോ അതിദാരുണമായി കൊലചെയ്യപ്പെട്ടു. മറ്റൊരു മകൻ റോബിനെ തലയ്ക്ക് ഗുരുതരമായ പരിക്കോടെ കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയിൽ പ്രവേശിപ്പിച്ചിരിക്കുകയാണ്. മാനന്തവാടി നോബർട്ട് ഹൗസിലെ ഡ്രൈവർ ജോസിന്റെ ഭാര്യയും മക്കളുമാണ് കൊല്ലപ്പെട്ടത്. സംഭവ ദിവസം ജോസ് സ്ഥലത്തില്ലായിരുന്നു. ഈ കൊലപാതകം നടത്തിയതാരാണെന്ന് ഇതുവരെ കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. ആർക്കെങ്കിലും ഇവരോട് വൈരാഗ്യമുള്ളതായും അറിവില്ല. ഇക്കാര്യങ്ങളിൽ സർക്കാർ പോലീസിന് കർശനമായ നിർദ്ദേശം നൽകി കൊലപാതികളെ എത്രയും വേഗം പിടികൂടണമെന്നും ജനങ്ങൾക്ക് സൈരജീവിതം ഉറപ്പുവരുത്തണമെന്നും അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) : സ്പീക്കർ സർ, മാനന്തവാടി കുഴിനിലം ചിറ്റൂർപറമ്പിൽ ജോസിന്റെ ഭാര്യ റോസമ്മ (33), കുട്ടികളായ ജോബിൻ (10), ജ്യോത്സ്ന (7) എന്നിവർ 10.7.1999-ന് വീട്ടിനുള്ളിൽ വെട്ടേറ്റ് മരിച്ച നിലയിൽ കാണപ്പെട്ടു. ജോസിന്റെ മകൻ റോബിൻ ഗുരുതരമായി പരുക്കേറ്റ് ചികിത്സയിലാണ്. ഇതു സംബന്ധിച്ച് ഇൻഡ്യൻ ശിക്ഷാനിയമം 449, 307, 302 എന്നീ വകുപ്പുകൾ പ്രകാരം ക്രൈം 216/99-ാം നമ്പരായി മാനന്തവാടി പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്തു. ഫോറൻസിക് വിദഗ്ദ്ധർ, വിരലടയാള വിദഗ്ദ്ധർ എന്നിവർ സ്ഥലം സന്ദർശിച്ച് തെളിവുകൾ ശേഖരിച്ചിട്ടുണ്ട്. പോലീസ്നായയുടെ സേവനവും ഉപയോഗപ്പെടുത്തിയിട്ടുണ്ട്. മാനന്തവാടി ഡിവൈ.എസ്.പി.യുടെ നേതൃത്വത്തിൽ ഒരു പ്രത്യേക ടീമിനെ കേസ്സന്വേഷണം ഏൽപ്പിച്ചിട്ടുണ്ട്. കേസ്സന്വേഷണം ഊർജ്ജിതപ്പെടുത്തുവാൻ ഡി.ജി.പി.ക്ക് നിർദ്ദേശവും നൽകിയിട്ടുണ്ട്.

(3) പത്രപ്രവർത്തകർക്കുള്ള ഹൗസിംഗ് ബോർഡ് ലോണിന് സബ്സിഡി വിതരണം ചെയ്യാത്തത് സംബന്ധിച്ച്

ശ്രീ. എം.കെ. മുനീർ : സർ, ഹൗസിംഗ് സബ്സിഡി കാത്തിരിക്കുന്ന വർക്കിംഗ് ജേർണലിസ്റ്റുകൾക്കുവേണ്ടിയാണ് ഞാൻ ഈ സബ്മിഷൻ അവതരിപ്പിക്കുന്നത്. അപേക്ഷ നൽകി കാത്തിരിക്കുന്നവർ ആകെ 20 പേരാണ്. 1998-99-ലെ ബഡ്ജറ്റിൽ 6.5 ലക്ഷം രൂപ വകയിരുത്തിയെങ്കിലും 2.17 ലക്ഷം രൂപയാണ് ഹൗസിംഗ് ബോർഡിന് അനുവദിച്ചുകിട്ടിയത്. ബാക്കി തുക 1999 മാർച്ചിൽ റിലീസ് ചെയ്യാമെന്ന് സംസ്ഥാന സർക്കാർ ഉറപ്പ് നൽകിയിരുന്നു. എന്നാൽ ധനകാര്യ വകുപ്പിന്റെ Streamline Section-ന്റെ സാംഗ്ഷൻ വേണമെന്ന് ട്രഷറി പറഞ്ഞതിനാൽ പണം കിട്ടിയിട്ടില്ല; Streamline Section-ന്റെ അനുമതി ലഭിച്ചതുമില്ല. അതിനാൽ ആ വർഷം ലഭിക്കേണ്ട 4.33 ലക്ഷം രൂപ ലാപ്സായി. 1999-2000 വർഷത്തിൽ സബ്സിഡിത്തുക 50,000 രൂപ ആക്കി ഉയർത്തിയെങ്കിലും മുൻവർഷത്തെപ്പോലെ 6.5 ലക്ഷം രൂപ മാത്രമേ വകയിരുത്തിയിട്ടുള്ളൂ. 50,000 രൂപയാക്കി ഉയർത്തണമെന്ന ജി.ഒ. ഇതുവരെ ഹൗസിംഗ് ബോർഡിന് ലഭിച്ചില്ല. അനുവദിച്ച തുകയുടെ ജി.ഒ.യും ലഭിച്ചിട്ടില്ല. ജി.ഒ. ലഭിച്ചിട്ടില്ലെങ്കിൽ തുക കിട്ടി

LIBRARY ARCHIVES Kerala Legislative Assembly

യാലും 35,000 രൂപയേ സബ്സിഡിയായി ലഭിക്കുകയുള്ളൂ. 50,000 രൂപവീതം 20 പേർക്ക് സബ്സിഡി നൽകാൻ പത്ത് ലക്ഷം രൂപ വേണം. കഴിഞ്ഞ സാമ്പത്തിക വർഷം ലാപ്സായ തുക ഈടാക്കാൻ വ്യവസ്ഥയില്ല. ഇപ്പോൾ അഞ്ച് അപേക്ഷകളാണ് ഹൗസിംഗ് ബോർഡ് പാസ്സാക്കിയത്. പണം ഇല്ലാത്തതിനാൽ കൊടുത്തിട്ടില്ല. 50,000 രൂപയാക്കിയ ജി.ഒ. ലഭിച്ചില്ലെങ്കിൽ ഫണ്ട് ലഭിച്ചാലും 35,000 രൂപയേ ലഭിക്കുകയുള്ളൂ. ലോൺ തുക അടച്ചുതീരാറായവർക്ക് ചില പ്പോൾ സബ്സിഡി തുകയുടെ ആനുകൂല്യംതന്നെ ലഭിച്ചെന്ന് വരുകയില്ല. 35,000 രൂപ കുടിശ്ശിക തുകയേക്കാൾ കൂടുതലാണെങ്കിൽ ആ തുക മാത്രമേ സബ്സിഡിയായി ലഭിക്കുകയുള്ളൂ. ഈ പ്രശ്നത്തിൽ സർക്കാർ എത്രയും വേഗം നടപടി സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) : സ്പീക്കർ സർ, പത്രപ്രവർത്തകർക്ക് ഭവന നിർമ്മാണത്തിനായി സർക്കാർ കാലാകാലങ്ങളിൽ അനുവദിക്കുന്ന സബ്സിഡി പത്രപ്രവർത്തകർക്കുള്ള ജില്ലാതല കമ്മിറ്റി ശുപാർശ ചെയ്യുന്ന അപേക്ഷകർക്ക് അർഹത പരിശോധിച്ച് ഭവന നിർമ്മാണ ബോർഡ് വിതരണം ചെയ്തുവരുന്നു. ഇപ്രകാരം ജില്ലാ ഇൻഫർമേഷൻ ഓഫീസർമാർ അയയ്ക്കുന്ന അപേക്ഷകളിന്മേൽ മുൻഗണനാക്രമമനുസരിച്ച് ഇപ്പോൾ 35,000 രൂപവരെ പരമാവധി സബ്സിഡിയായി അനുവദിക്കുന്നു. കെട്ടിട നിർമ്മാണച്ചെലവിന്റെ 25 ശതമാനമോ പരമാവധി 35,000 രൂപയോ ഏതാണോ കുറവ് ആ തുകയാണ് സബ്സിഡിയായി നൽകുന്നത്. ഇങ്ങനെ അനുവദിക്കുന്ന തുക പത്രപ്രവർത്തകർക്ക് വായ്പ അനുവദിക്കുന്ന സ്ഥാപനത്തിൽ അടയ്ക്കുവാൻ ബാക്കിനിൽക്കുന്ന തുകയ്ക്കെതിരെ അഡ്ജസ്റ്റ് ചെയ്യുന്നതിന് നേരിട്ട് പ്രസ്തുത ധനകാര്യ സ്ഥാപനത്തിന് നൽകുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 84 പത്രപ്രവർത്തകർക്ക് സബ്സിഡി നൽകിയിട്ടുണ്ട്. ഇനി 25 അപേക്ഷകളിന്മേൽ തീർപ്പ് കൽപ്പിക്കാനുണ്ട്. 1999-2000 വർഷത്തെ ബഡ്ജറ്റിൽ 6.50 ലക്ഷം രൂപ ഈ ഇനത്തിൽ വകയിരുത്തിയിട്ടുണ്ട്.

(4) കോട്ടയത്തെ ആർ.എസ്.പി. ഓഫീസ് തകർക്കപ്പെട്ട സംഭവം

ശ്രീ. പ്രൊഫ. എ.വി. താമരാക്ഷൻ : സർ, ശ്രീ. ബേബി ജോൺ സെക്രട്ടറിയായിട്ടുള്ള റവല്യൂഷണറി സോഷ്യലിസ്റ്റ് പാർട്ടി കോട്ടയം ജില്ലാ കമ്മിറ്റി ഓഫീസ് ജൂലൈ മാസം 6-ാം തീയതി ഒരു പറ്റം ഗുണ്ടകൾ കടന്നുകയറി തല്ലിത്തകർത്ത ഗുരുതരമായ സംഭവം ഈ സഭയുടേയും ഗവൺമെന്റിന്റേയും ശ്രദ്ധയിൽപ്പെടുത്താൻ ആഗ്രഹിക്കുകയാണ്. ശ്രീ. എം.കെ. പ്രഭാകരൻ സെക്രട്ടറിയായിട്ടുള്ള ജില്ലാ കമ്മിറ്റിയാണ് കോട്ടയത്തുള്ളത്. 29 അംഗ ജില്ലാ കമ്മിറ്റിയിൽ 22 പേരും ശ്രീ. ബേബി ജോൺ സെക്രട്ടറി ആയിട്ടുള്ള പാർട്ടിയെ അനുകൂലിക്കുന്നവരായിരുന്നു. തുടർന്ന് പാർട്ടിയിൽ ഭിന്നിപ്പ് ഉണ്ടായ അവസരത്തിൽ കോട്ടയം ജില്ലാ സമ്മേളനം കൂടുകയും ശ്രീ. എം.കെ. പ്രഭാകരൻ ജില്ലാ സെക്രട്ടറിയായി ഒരു ജില്ലാ കമ്മിറ്റി നിലവിൽവരികയും ചെയ്തു. കഴിഞ്ഞ മൂന്നു മാസമായി ആ ജില്ലാ കമ്മിറ്റി ഓഫീസ് ഞങ്ങളുടെ നിയന്ത്രണത്തിലായിരുന്നു. കേരളത്തിലെ പ്രധാനപ്പെട്ട ആഫീസുകൾ ഔദ്യോഗിക പക്ഷത്തിന്റെ കയ്യിലാണ്. പാർട്ടിയുടെ തിരുവനന്തപുരം സ്റ്റേറ്റ് കമ്മിറ്റി ഓഫീസ്, തിരുവനന്തപുരത്തെ ജില്ലാ കമ്മിറ്റി ഓഫീസ്, കൊല്ലം ജില്ലാ കമ്മിറ്റി ഓഫീസ് തുടങ്ങി പല ഓഫീസുകളും ഔദ്യോഗികപക്ഷത്തിന്റെ കയ്യിലാണ്. പാർട്ടി സഖാക്കൾ പിരിച്ച ഫണ്ട് അടക്കം 40 ലക്ഷം രൂപയോളം ബാങ്കിൽ

LIBRARY ARCHIVES Kerala Legislative Assembly